ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - (ജീവനക്കാര്യം (ബി) വിഭാഗം -**OA-1730/2025** ഹർജിയുടെ **22/10/2025** ലെ വിധിന്യായം പാലിച്ച് ശ്രീ.ആർ. അശോകന് (പെൻ -**171609**) -ട്രേഡ് ഇൻസ്ട്രക്ടർ (ഫിറ്റിംഗ്) (സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ ,കുളത്തൂർ)- സ്ഥലംമാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജീവനക്കാര്യം (ബി) വിഭാഗം**

**നം. DTETVM/9085/2025-EB2 (EB)** **തിരുവനന്തപുരം, തീയതി: 01-01-2026**

---

വായന:-
1. **OA-1730/2025** ഹർജിയുടെ **22/10/2025** തീയതിയിലെ ബഹു: കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ വിധിന്യായം.
2. **25/09/2025** തീയതിയിലെ ഈ കാര്യാലയത്തിലെ ജീവനക്കാര്യം (ബി) വിഭാഗത്തിൽ നിന്നുള്ള **DTETVM/1171/2025-EB2 (EB)** നമ്പർ സ്ഥലം മാറ്റ ഉത്തരവ്.
3. **21/11/2025** തീയതിയിലെ ഹിയറിംഗ് നോട്ടീസ്

**ഉത്തരവ്**

സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ ,കുളത്തൂർ നിലവിൽ ട്രേഡ് ഇൻസ്ട്രക്ടർ (ഫിറ്റിംഗ്) തസ്തികയിൽ ജോലി നോക്കുന്ന ശ്രീ.ആർ. അശോകൻ (പെൻ -**171609**) നിലവിലെ ടിയാന്റെ ആരോഗ്യ സ്ഥിതി മോശമായതിനാൽ നിലവിൽ ജോലി ചെയ്തു വരുന്ന സ്ഥാപനത്തിൽ ദിവസേന ജോലിയ്ക്ക് പോയി വരുന്നതിന് ബുദ്ധിമുട്ടാണ് എന്നും ആയതിനാൽ ടിയാന്റെ ആരോഗ്യ സ്ഥിതി പരിഗണിച്ച് ചികത്സ സംബന്ധമായി ടിയാനെ നഗര പരിധിയിലെ ഏതെങ്കിലും സ്ഥാപനത്തിൽ സ്ഥലം മാറ്റം നൽകണമെന്നും വായന (1) പ്രകാരം ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ വിധിന്യായം പുറപ്പെടുവിച്ച് ഉത്തരവായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ വായന (3) പ്രകാരം ടിയാനെ ഹിയർ ചെയ്യുകയും ,ടിയാൻ കോടതിയിൽ സമർപ്പിച്ച ഹർജിയിൽ സൂചിപ്പിച്ചിട്ടില്ലാത്ത രണ്ട് സ്ഥാപനങ്ങളിൽ കൂടി സ്ഥലം മാറ്റത്തിന് പരിഗണിക്കണമെന്ന് ടിയാൻ അഭ്യർഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ആർ അശോകനെ (പെൻ -**171609**) നിലവിൽ ടിയാന്റെ ആരോഗ്യ സ്ഥിതി പരിഗണിച്ചും ,അനുകംബാർഹമായ കാര്യങ്ങൾ പരിഗണിച്ചും **OA-1730/2025** ഹർജിയുടെ **22/10/2025** ലെ വിധിന്യായം പാലിച്ച് സെൻട്രൽ പോളിടെക്നിക് കോളേജ് ,വട്ടിയൂർക്കാവ് എന്ന സ്ഥാപനത്തിൽ സ്ഥലം മാറ്റം അനുവദിച്ചും നിലവിൽ സെൻട്രൽ പോളിടെക്നിക് കോളേജ്,വട്ടിയൂർക്കാവ് സ്ഥാപനത്തിൽ ട്രേഡ് ഇൻസ്ട്രക്ടർ ഫിറ്റിംഗ് തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ.രാജേഷ് .എസ് (പെൻ.**401381**) എന്ന ജീവനക്കാരനെ പൊതുതാല്പ്പര്യാർഥം സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ ,കുളത്തൂർ സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയും ശ്രീ.ആർ അശോകൻ ഫയൽ **OA-1730/2025** ഹർജിയുടെ **22/10/2025** തീയതിയിലെ ബഹു: കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണലിന്റെ വിധിന്യായം അന്തിമ ഉത്തരവ് പൂർണ്ണമായി പാലിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സ്ഥാപന മേധാവികൾ  മേൽ ജീവനക്കാരെ വിടുതൽ ചെയ്ത് വിടുതൽ /ചേരുംകാലം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്.

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കും / ജീവനക്കാർക്കും
2. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം .
3. ഇ-ഓഫീസ് കരുതൽ സഞ്ചയം

Signed by
Jayaprakash P
Date: 01-01-2026 14:41:04